കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - 2024-25 സാമ്പത്തിക വർഷം - കാവൽ പ്ലസ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt) No.237/2024/WCDD** **Dated,17/07/2024**

എ.എസ് നമ്പർ : AS/WCD/24/35832 കാലാവധി : 31/03/2025

പരാമർശം:- 1.വനിത ശിശു വികസന ഡയറക്ടറുടെ 09/04/2024-ലെ DWCD/1942/2024–ICPS 11 നമ്പർ കത്ത്
2. 26/06/2024-ാം തീയതിയിലെ ഒന്നാം ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

## <u>ഉത്തരവ്</u>

ബാലനീതി നിയമം 2015 (Juvenile Justice Act 2015) അടിസ്ഥാനപ്പെടുത്തി ഗുരുതരമായ ബുദ്ധിമുട്ടുകൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് (Children in Need of Care & Protection) മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹികക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും സംസ്ഥാന വനിത-ശിശു വികസന വകുപ്പ് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിജയകരമായി നടപ്പാക്കി വരുന്ന തുടർച്ചാ പദ്ധതിയാണ് കാവൽപ്ലസ്. നടപ്പ് വർഷം ടി പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുകയായ 1,36,65,003/- രൂപ (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി മൂന്ന രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ എസ്.സി.പി.എസ്. ന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ 2235–02–102–36 (P) 02 ൽ അനുവദിച്ചിട്ടുള്ള 9,00,00,000/- രൂപയിൽ നിന്നും അനുവദിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

<u>പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Kaval Plus Community Based Psycho Social Care for Children in Need of Care and Protection | 1,36,65,003 |
| ആകെ (ഒരു കോടി മുപ്പത്തി ആറ് ലക്ഷത്തിഅറുപത്തി അയ്യായിരത്തി മൂന്ന് രൂപ) | | **1,36,65,003** |

AS/WCD/24/35832

| Sl no. | Purpose | Amount |
|---|---|---|
| 1 | Final Settlement to NGOs | 21,04,607 |
| 2 | State level administration | 52,11,766 |
| 3 | Funds for NGOs in 14 districts (29 NGOs) | 97,64,880 |
| 4 | Total Fund | 1,70,81,253 |
| Fund to be sanctioned (80%) | | 1,36,65,003 |

2) 26/06/2024-ൽ ചേർന്ന ഒന്നാം ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രപ്പോസൽ പരിശോധിച്ച് പരാമർശം (2) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് (ഇനം 6). പ്രസ്തുത സാഹചര്യത്തിൽ, നടപ്പ് വർഷം കാവൽപ്ലസ് പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുകയായ 1,36,65,003/- രൂപ (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി മൂന്ന് രൂപ മാത്രം) 2024-25 സാമ്പത്തിക വർഷത്തെ എസ്.സി.പി.എസ്. ന്റെ നൂതന പദ്ധതികൾക്കുള്ള ശീർഷകമായ 2235-02-102-36 (P) 02 ൽ അനുവദിച്ചിട്ടുള്ള 9,00,00,000/- രൂപയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി. കെ
അഡീഷണൽ സെക്രട്ടറി
Women and Child Development

To
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
അക്കൌണ്ടന്റ് ജനറൽ(ജി & എസ്.എസ്. എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 06:00:06 +05:30

AS/WCD/24/3582